**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 434** **11-08-2021 - ൽ മറുപടിയ്ക്ക്**

**റേഷൻ വിതരണം സുഗമമാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സനീഷ്കുമാർ ജോസഫ്,<br>ശ്രീ. അൻവർ സാദത്ത് ,<br>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ . ഐ .സി .ബാലകൃഷ്ണൻ** | | **Shri G R Anil<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് ലക്ഷക്കണക്കിന് കാർഡുടമകൾക്ക് ജൂൺമാസ കിറ്റ് നൽകാതെയും ജൂലൈമാസ കിറ്റ് നിഷേധിച്ചും സെർവർ കേട് വരുത്തിയും റേഷൻ വിതരണം അട്ടിമറിക്കുന്നതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഇല്ല. 2021 ജൂൺ മാസത്തിലെ കിറ്റ് വിതരണ കാലയളവ് 29.07.2021 വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു തുടർന്ന് 31.07.2021 മുതൽ സംസ്ഥാനത്തെ എല്ലാ വിഭാഗം റേഷൻ കാർഡുടമകൾക്കും അവശ്യസാധനങ്ങളടങ്ങിയ സ്പെഷ്യൽ ഓണക്കിറ്റിന്റെ വിതരണം ആരംഭിച്ചിട്ടുണ്ട്. ജൂൺ മാസത്തെ ആദ്യ ആഴ്ചയിൽ ഒരു ദിവസം ഇ-പോസ് മുഖേനയുള്ള റേഷൻ വിതരണം കുറച്ച് സമയങ്ങളിൽ തടസപ്പെട്ടിരുന്നു. സ്റ്റേറ്റ് ഡാറ്റ സെന്ററിൽ (SDC) ഉപയോഗിക്കുന്ന National Knowledge Network ൽ ഉണ്ടായ തകരാർ കാരണമാണ് റേഷൻ വിതരണത്തിൽ തടസ്സം നേരിട്ടത്. ആയതു SDC, NIC യുമായി ബന്ധപ്പെട്ട് ഉടൻ തന്നെ പരിഹരിക്കുകയുണ്ടായി. റേഷൻ വിതരണം മൊത്തമായി മുടങ്ങുന്ന സാഹചര്യം ഉണ്ടായിട്ടില്ല. ജൂൺ 17 -ന് അര മണിക്കൂർ ഇ-പോസ് മുഖേനയുള്ള റേഷൻ വിതരണത്തിൽ തടസം നേരിട്ടത് ആധാർ സെർവറിൽ വളരെ അടിയന്തിരമായി മെയിന്റനൻസ് നടത്തേണ്ടി വന്നതിനാലാണ്. ഇതും വളരെ അടിയന്തിരമായി പരിഹരിച്ച് റേഷൻ വിതരണം സാധ്യമാക്കിയിരുന്നു. |
| (ബി) | പന്ത്രണ്ട് ലക്ഷം കുടുംബങ്ങൾ കിറ്റ് വാങ്ങാൻ ബാക്കിയുള്ളപ്പോൾ ജൂൺമാസ കിറ്റ് വിതരണം അവസാനിപ്പിക്കാൻ സിവിൽ സപ്ലൈസ് ഡയറക്ടർ ഉത്തരവിറക്കിയത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ; | (ബി) | ജൂൺ മാസത്തിലെ കിറ്റ് 8362979 ഗുണഭോക്താക്കൾ വാങ്ങിയിട്ടുണ്ട്. ആയത് വാങ്ങുന്നതിനായി 29.07.2021 വരെ സമയം ദീർഘിപ്പിച്ച് നൽകിയിരുന്നു. ജൂൺ മാസത്തെ കിറ്റ് വിതരണം പൂർത്തിയായതിനു ശേഷം ഏകദേശം രണ്ടു ലക്ഷത്തോളം കിറ്റുകൾ മാത്രമാണ് ഗുണഭോക്താക്കൾ വാങ്ങാത്തതിനാൽ സപ്ലൈകോ റേഷൻ കടകളിൽ നിന്നും തിരിച്ചെടുക്കേണ്ടിവന്നിട്ടുള്ളത്. |

| | | | |
|---|---|---|---|
| (സി) | സെർവർ തകരാർ മൂലം നിരവധി കുടുംബങ്ങൾക്ക് റേഷൻ സാധനങ്ങളും കിറ്റും ലഭിക്കാത്ത സാഹചര്യത്തിൽ ആയത് പരിഹരിച്ച് റേഷൻ വിതരണം സുഗമമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (സി) | ഓതന്റിക്കേഷൻ യൂസർ ഏജൻസിയുടെ (AUA) സെർവ്വറിൽ ഉണ്ടാകുന്ന നെറ്റ് വർക്ക് തകരാർ കാരണം റേഷൻ വിതരണം മുടങ്ങാതിരിക്കുന്നതിനായി അധികമായി NIC യുടെ AUA സെർവർ ഉപയോഗിക്കുന്നതിനുള്ള അനുവാദം ചോദിച്ചിട്ടുണ്ട്. ആയത് കൂടാതെ ഓതന്റിക്കേഷൻ സർവീസ് ഏജൻസി (ASA), UIDAI (ആധാർ) എന്നിവയുടെ സെർവറും കൃത്യമായി പ്രവർത്തിച്ചാൽ മാത്രമേ വിതരണത്തിൽ തടസ്സം നേരിടുന്നത് പരിപൂർണ്ണമായി ഒഴിവാക്കാൻ സാധിക്കുകയുള്ളൂ. എന്നാൽ ഓതൻറ്റിക്കേഷൻ സർവീസ് ഏജൻസി ASA, UIDAI (ആധാർ) എന്നിവയുടെ സെർവറുകൾ സംസ്ഥാന സർക്കാരുകളുടെ നിയന്ത്രണത്തിൽ ഉള്ളവയല്ല. ഈ സാഹചര്യത്തിൽ ഈ സെർവറുകളിൽ എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുന്ന സാഹചര്യത്തിൽ ആയത് പരിഹരിക്കുവാൻ ആവശ്യപ്പെടുവാൻ മാത്രമേ സാധിക്കുകയുള്ളൂ. മേൽപറഞ്ഞ സാഹചര്യങ്ങളിൽ അപൂർവമായി അരമണിക്കൂർ നേരത്തേക്ക് ഇ-പോസ് മെഷീൻ മുഖാന്തിരമുള്ള ഇടപാടുകൾ തടസപ്പെടുന്നത് മൂലം ആർക്കും റേഷൻ കിട്ടാതിരിക്കുന്ന സാഹചര്യം ഉണ്ടായിട്ടില്ല. |

സെക്ഷൻ ഓഫീസർ